LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരം വികസിപ്പിക്കാൻ നടപടി

25 [*229] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന വിനോദസഞ്ചാരികളുടെ സംഖ്യ കഴിഞ്ഞ പത്തു വർഷക്കാലയളവിനുള്ളിൽ വർദ്ധിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) യൂറോപ്യൻ പടയാളികളും മിഷനറികളും അന്ത്യവിശ്രമം കൊള്ളുന്ന സെമിത്തേരികളും വിദേശികളുമായി ബന്ധമുള്ള സ്ഥാപനങ്ങളും സ്ഥലങ്ങളും ആരാധനാലയങ്ങളും കേന്ദ്രമാക്കി വിദേശ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതി നിലവിലുണ്ടോ ;

(സി) കേരളവും യൂറോപ്യൻ രാജ്യങ്ങളുമായി നിലനിന്ന നാന്നൂറോളം വർഷക്കാലത്തെ ഭരണ, സാംസ്ക്കാരിക ചരിത്ര ബന്ധങ്ങളെ ടൂറിസം വികസനത്തിന് പ്രയോജനപ്പെടുത്താൻ കേരള സർക്കാർ പദ്ധതി തയ്യാറാക്കുമോ ;

(ഡി) ഇംഗ്ലണ്ട്, ഫ്രാൻസ്, സ്പെയിൻ, പോർച്ചുഗൽ, ഹോളണ്ട്, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ കേരളീയ വിനോദസഞ്ചാര സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രത്യേക പരിപാടികൾ തയ്യാറാക്കാമോ ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ കെ. സി. വേണുഗോപാൽ) :

(എ) ഉണ്ട്. യു. കെ., ഫ്രാൻസ്, ജർമ്മനി തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുമാണ് ഏറ്റവുമധികം വിനോദസഞ്ചാരികൾ കേരളത്തിലെത്തുന്നത്. വിശദാംശം ഉള്ളടക്കം ചെയ്യുന്നു.†

(ബി) യൂറോപ്യൻ പടയാളികളും മിഷനറികളും അന്ത്യവിശ്രമം കൊള്ളുന്ന സെമിത്തേരികളും ആരാധനാലയങ്ങളും മറ്റും കേരളത്തിന്റെ വിനോദസഞ്ചാര ഉൽപ്പന്നങ്ങളിൽ ഉൾപ്പെടുന്നുണ്ട്. ഇവയെല്ലാം വിദേശങ്ങളിൽ വിപണനം ചെയ്യപ്പെടുന്നുമുണ്ട്. സ്വകാര്യ ടൂർ ഓപ്പറേറ്റർമാരും മറ്റും വിപണനം ചെയ്യുന്ന പാക്കേജുകളിൽ ഇവയും ഉൾപ്പെടുന്നുണ്ട്.

(സി) ഇപ്പോൾ പ്രത്യേക പാക്കേജുകൾ ഇല്ലെങ്കിൽ തന്നെയും ഇവയെല്ലാം വിദേശങ്ങളിൽ വ്യാപകമായി വിപണനം ചെയ്യപ്പെടുന്നുണ്ട്.

(ഡി) യൂറോപ്യൻ രാജ്യങ്ങളാകമാനം നിന്നുള്ള ടൂർ ഓപ്പറേറ്റർമാരും ട്രാവൽ ഏജൻസികളും ധാരാളമായി പങ്കെടുക്കുന്ന വൻ ടൂറിസം മേളകളായ ITB ബെർലിൻ, WTM ലണ്ടൻ, BIT മിലാൻ, സ്പെയിനിലെ ഫിത്തൂർ ടൂറിസം മേള തുടങ്ങിയവയിൽ കേരളാ ടൂറിസത്തിന്റെ സജീവ സാന്നിദ്ധ്യം ഉണ്ടാകാറുണ്ട്. കൂടാതെ ഇവിടങ്ങളിലുള്ള ട്രാവൽ ടൂറിസം രംഗത്തെ പ്രഗൽഭരായ സ്ഥാപനങ്ങളുമായി സ്ഥിരമായി ബന്ധപ്പെട്ട് നമ്മുടെ വിനോദസഞ്ചാര ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള നടപടി തുടർന്നു വരുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.